# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 115 — 11.06.2012-ൽ മറുപടിക്ക്.

## കണ്ണൂർ വിമാനത്താവള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ.പി.സി. വിഷ്ണുനാഥ്:<br>ശ്രീ.ഷാഫി പറമ്പിൽ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത 192.18 ഏക്കർ ഭൂമി 21 ജൂലൈ 2011 ന് കിയാലിന് കൈമാറുകയും ഭൂമി വിലയായ 8 കോടി രൂപക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് സർക്കാരിന് നൽകുകയും ചെയ്തു.<br>രണ്ടാം ഘട്ടത്തിൽ കിൻഫ്ര ഏറ്റെടുത്ത 1085 ഏക്കർ ഭൂമിയിൽ 453 ഏക്കർ ഭൂമി കിയാലിന് കൈമാറുന്നതിന് 2 മാർച്ച് 2012 ലെ ജി.ഒ ( എം.എസ്) 12/2012/ട്രാൻ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറുന്നതോടുകൂടി 122 കോടി രൂപക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് കേരള സംസ്ഥാന സർക്കാരിന് ലഭ്യമാകും.<br>രണ്ടാം ഘട്ടത്തിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമിയിൽ ഓഹരി വിഹിതം കഴിച്ച് ബാക്കി വരുന്ന ഭൂമി കിയാലിന് സബ് ലീസ് ചെയ്യാനുള്ള അധികാരത്തോടെ |

| | | | |
|---|---|---|---|
| | | | 60 വർഷത്തേക്ക് ഏക്കറിന് 100 രൂപ കണക്കിൽ ലീസ് റെന്റിന് കിയാലിന് കൈമാറുന്നതിന് 13 ഫെബ്രുവരി 2012 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 07/2012/ട്രാൻ പ്രകാരം ഉത്തരവായിട്ടുണ്ട്. ഭൂമി കൈമാറുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു.<br>പുതുക്കിയ പ്രോജക്ട് കോസ്റ്റ് പ്രകാരമുള്ള സർക്കാരിന്റെ ഓഹരി വിഹിതമായ 204 കോടി രൂപയിൽ 130 കോടി കഴിച്ചുള്ള 74 കോടി രൂപയ്ക്കുള്ള സ്ഥലം കൂടി ഓഹരി വിഹിതത്തിലേക്കായി കൈമാറി കിട്ടുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്.<br>കണ്ണൂർ വിമാനത്താവളത്തിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് റൺവേയുടെ ഡിസൈൻ, എസ്റ്റിമേറ്റ്, ടെൻഡർ ഡോക്യുമെന്റ്സ് എന്നിവ തയ്യാറാക്കുന്നതിന് എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചിരുന്നെങ്കിലും കാല താമസം വരുന്നതിനാൽ മേൽ പ്രവൃത്തി ചെയ്യുന്നതിനായി കൊച്ചിൻ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡിനെ (സിയാൽ) ഏൽപ്പിക്കുകയും, സിയാൽ കരട് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>വിമാനത്താവളത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഹൈ പവർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ടേംസ് ഓഫ് റഫറൻസ് 2012 ഫെബ്രുവരി 10-ാം തീയ്യതി അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തുടർനടപടികളായ പരിസ്ഥിതി ആഘാത പഠനവും പബ്ലിക് ഹിയറിംഗും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തേക്ക് ആവശ്യമായ വെള്ളത്തിന്റെ ലഭ്യതക്കും അനുബന്ധ പ്രവൃത്തികൾക്കും വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയേയും നിർമ്മിക്കാൻ ബാക്കിയുള്ള ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ആവശ്യമുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കേരള പൊതു മരാമത്ത് (കെട്ടിടം) വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വിമാനത്താവള പ്രദേശത്തേക്ക് നിർദ്ദേശിക്കപ്പെട്ട ഗ്രീൻ ഫീൽഡ് റോഡിന്റേയും മറ്റ് റോഡുകളുടേയും വികസനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 28 മാർച്ച് 2012 ലെ ജി.ഒ(ആർ.ടി) നം. 165/12/ ട്രാൻ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ ആദ്യ യോഗം 25 ഏപ്രിൽ 2012 ന് ചേരുകയും സർവ്വേ തുടങ്ങിയ നടപടികൾ പൂർത്തിയാക്കുന്നതിനും വിശദമായ എസ്റ്റിമേറ്റ് തുടങ്ങിയവ സമർപ്പിക്കുന്നതിനും ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റിയേയും റോഡ് ഫണ്ട് ബോർഡിനേയും റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. റൺവേ നിർമ്മാണത്തിന്റെ മുന്നോടിയായി എർത്ത് വർക്ക് |

| | | | |
|---|---|---|---|
| | | | ജോലികൾക്കായി പ്രീ ക്വാളിഫിക്കേഷൻ ടെൻഡർ ക്ഷണിച്ചു കഴിഞ്ഞു. സിയാലിനെ ഏൽപ്പിച്ചു കൊടുത്ത പ്രവൃത്തി കൾക്ക് പുറമേ മറ്റു കൺസൾട്ടൻസിക്കായി പുതിയ കൺസൾട്ടന്റിനെ നിയമിക്കുന്ന തിനു ടെൻഡർ ക്ഷണിക്കുകയും ആയതുമായി ബന്ധപ്പെട്ട പ്രീ ബിഡ് മീറ്റിംഗ് 1 ജൂൺ 2012 നു നടത്തുകയും ചെയ്തു.<br>ആകർഷണീയയമായ ടെർമിനൽ ബിൽഡിംഗിന്റെ രൂപകൽപ്പനക്കായി കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും ആർക്കിടെക്ടുകൾക്കുമായി മത്സരം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വിമാനത്താവളത്തിന്റെ പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിമാനത്താവളത്തിന്റെ പാരിസ്ഥിക അനുമതി ലഭിക്കുന്നതിന് കേന്ദ്ര പരിസ്ഥി മന്ത്രാലയത്തിന്റെ ഹൈ പവർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ടേംസ് ഓഫ് റഫറൻസ് 2012 ഫെബ്രുവരി 10-ാം തീയ്യതി അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടികളായ പരിസ്ഥിതി ആഘാത പഠനവും പബ്ലിക് ഹിയറിംഗും പൂർത്തിയാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | കണ്ണൂർ വിമാനത്താവളത്തിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് റൺവേയുടെ ഡിസൈൻ, എസ്റ്റിമേറ്റ്, ടെൻഡർ ഡോക്യുമെന്റ്സ് എന്നിവ തയ്യാറാക്കുന്നതിന് എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയെ |

| | | | |
|---|---|---|---|
| | | | ഏൽപ്പിച്ചിരുന്നെങ്കിലും കാലതാമസം വരുന്നതിനാൽ മേൽ പ്രവൃത്തി ചെയ്യുന്നതിനായി കൊച്ചിൻ ഇന്റർ നാഷണൽ എയർപ്പോർട്ടിനെ (സിയാൽ) ഏൽപ്പിക്കുകയും, സിയാൽ കരട് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സാധാരണ ജനങ്ങൾക്കും പദ്ധതിയുടെ ഓഹരി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ഡി) | ഉന്നത ശ്രേണിയിലുള്ളവർക്ക് ഓഹരി വിതരണം ചെയ്യാനുള്ള ഉദ്ദേശത്തോടെ ഏറ്റവും ചുരുങ്ങിയ യൂണിറ്റ് 2001 ഷെയർ എന്ന് നിജപ്പെടുത്തിയതിൽ മാറ്റം വരുത്തി സാധാരണ ജനങ്ങൾക്ക് അവസരം ലഭ്യമാക്കുന്നതിനായി 19 നവംമ്പർ 2011 ലെ ജി.ഒ(എം.എസ്) 62/11/ട്രാൻ സർക്കാർ ഉത്തരവു പ്രകാരം ഉന്നത ശ്രേണിയിൽ എന്നതിനു മാറ്റം വരുത്തി വ്യക്തികൾക്കും ഓഹരി എടുക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. അതു പ്രകാരം കിയാലിന്റെ 7 ഡിസംബർ 2011 ന് ചേർന്ന ബോർഡ് യോഗം ചുരുങ്ങിയ ഓഹരി യൂണിറ്റ് 2,00,100 രൂപ എന്നതിനു പകരം 50,000 രൂപയാക്കി മാറ്റം വരുത്തിയിട്ടുണ്ട്. |
| (ഇ) | പദ്ധതിയുടെ ആദ്യഘട്ടം എന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (ഇ) | പദ്ധതിയുടെ ആദ്യ ഘട്ടം ടെൻഡർ നൽകി മൂന്നു വർഷം കൊണ്ട് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ